Mr. Speaker : Order, order. In the light of the facts stated by the hon. Chief Minister, I withhold consent to the moving of the adjournment motion.

I pass on to the next item of the Agenda,

ശ്രീ. പി. നാരായണൻ തമ്പി : Sir, a point of order. ബഹുമാനപ്പെട്ട അച്യുതമേനോന്റെ പ്രമേയത്തിനു മറുപടിയായി മുഖ്യമന്ത്രി ഈ അടുത്തകാലങ്ങളിലായി പത്രസമ്മേളനങ്ങളിൽ നടത്തുന്ന ഒഴിഞ്ഞുമാറൽ പോലെ പ്രസ്താവനകളും നടത്തുന്നതു് ശരിയാണോ. അതു ആർഡറിലാണോ എന്നുള്ള കാര്യത്തെപ്പറ്റി ഒരു ഉത്തരവാദിത്വമുള്ള നിയമസഭാംഗമെന്ന നിലയ്ക്കു് എനിക്കു് അങ്ങയിൽനിന്നു് റൂളിംഗ് ആവശ്യമുണ്ടു്. ഇതു് രണ്ടുമൂന്നുദിവസം കഴിഞ്ഞു് നടക്കുവാൻപോകുന്ന ഒരു കാര്യമാണു്. ഇവിടത്തെ ഗവണ്മെന്റിൽ എന്തോ മാറ്റങ്ങളും വരുമെന്നുള്ള കാര്യത്തെപ്പറ്റി ഞങ്ങൾക്കും യാതൊരുസംശയവുമില്ല. പത്രങ്ങളിൽ കാണുന്നതും അങ്ങനെയാണു്. അതു് അങ്ങേക്കും അറിയാമെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ഈ സഭയുടെയും ഞങ്ങളുടെയും വിലയേറിയ സമയം ചെലവാക്കി ചില ബില്ലുകളുടെ മാഗങ്ങൾ ചർച്ച ചെയ്തതിനുശേഷം മുഖ്യമന്ത്രിയുടെ ഉത്തരം കണ്ടാൽതോന്നും, പൂച്ച കണ്ണുമടച്ചുപാലു കുടിച്ചാൽ ആരും കാണുകയില്ലെന്നാവെമാണു് അദ്ദേഹത്തിനു് എന്നു്. ഈ ഗവണ്മെന്റു് രാജിവച്ചുപോകുവാൻ പോകുകയാണെന്നു പത്രങ്ങളിൽ വാർത്തകണ്ടു. അതു് ആരുംനിഷേധിച്ചിട്ടില്ല. പത്രങ്ങളെല്ലാം നിരുത്തരവാദപരമായി എഴുതിയെന്നാണോ പറയുന്നതു് ? ആഭ്യന്തരമന്ത്രിയുടെ ഒരു നിഷേധം പോലും കണ്ടില്ല. ഞങ്ങളെകളിപ്പിച്ചില്ലെന്നുമാതിരികണക്കാക്കാതെ ഉത്തരവാദിത്വത്തോടുകൂടിഞങ്ങളോടു് കാര്യംപറയണം. എന്താണു് ഇവിടെനടക്കുന്നതെന്നു ഞങ്ങൾക്കറിയണം. എന്റെ ക്രമപ്രശ്നം, തുടർന്നു ചോദിക്കുവാൻപോകുന്നോ എന്നു ഞങ്ങൾക്കു് സംശയംതോന്നുന്ന ഈ മന്ത്രിസഭ കൊണ്ടുവരുന്ന ബില്ലുകളും ഇവിടെ ചർച്ച ചെയ്യുന്നതുകൊണ്ടാണോ, ഗവണ്മെന്റു് ബിസിനസ്സുകളും മാറ്റിവയ്ക്കേണ്ടതല്ലേ എന്നാണു്. ഇതു് ആർഡറിലാണോ എന്നു ഞങ്ങൾക്കറിയണം. അതിനു് വ്യക്തമായ ഒരറിവു് ഞങ്ങൾക്കു് അങ്ങിൽനിന്നു് കിട്ടേണ്ടതാണു്. അതു് അങ്ങുതരണം.

മിസ്റ്റർ സ്പീക്കർ : നിലവിലിരിക്കുന്ന ഗവണ്മെന്റിനു് അവർക്കു് മാറിനിൽക്കുന്നിടത്തോളംകാലം ശരിയായ രീതിയിൽ ബിസിനസ്സു് മുന്നോട്ടുകൊണ്ടുപോകാവുന്നതാണു്.

LEGISLATIVE BUSINESS.

The Nurses & Midarves (Amendment) Bill, 1963.

Minister for Public Health (**Shri M. P. Govindan Nair**) : Sir, I move that the Nurses and Midwives (Amendment) Bill, 1963 be taken into consideration.

Minister for Harijan Welfaer (**Shri K. Kunhambu**) : I second it

Mr. Speaker : Shri M. V. Vasu has tabled an amendment for circulating the Bill for eliciting public opinion. Shri Vasu can move the amendment.

ശ്രീ. എം. വി. വാസു : കേരള മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലിനെപ്പറ്റി പൊതുജനാഭിപ്രായം ആരായുന്നതിനുള്ള ഒരു മോഷൻ ഞാൻ അവതരിപ്പിക്കുന്നു. കോഴിക്കോട്ടു് മെഡിക്കൽ കോളേജിലെ ഇന്നത്തെ അനാസ്ഥയെ സംബന്ധിച്ചു് പത്രറിപ്പോർട്ടുകളും പ്രധാനപ്പെട്ട ചില പത്രങ്ങളിൽ എഡിറ്റോറിയലുകളും വന്നിട്ടുണ്ടു്. ഇന്നു് ഹെൽത്തു് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചും, പ്രധാനപ്പെട്ട ആശുപത്രികളെ സംബന്ധിച്ചും, അതുപോലെതന്നെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. വി. വാസു]

അതിൽ പ്രവൃത്തി ചെയ്യുന്ന ഡാക്ടറന്മാരെ സംബന്ധിച്ചും നേഴ്സ് മിഡ് വൈഫ് ഈ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരെ സംബന്ധിച്ചും ഒരു ബില്ല് ഇവിടെ അവതരിപ്പിക്കുമ്പോൾ അവരുടെ അഭിപ്രായങ്ങളും ആരായാനും, അതുപോലെതന്നെ പൊതുജനങ്ങളുടെ അഭിപ്രായം ആരായാനും കൂടുതൽ പ്രതിനിധ്യം മെഡിക്കൽ കൗൺസിൽപോലുള്ള കൗൺസിലിൽ ആർക്കെല്ലാം വേണമെന്നുള്ളതിനെസംബന്ധിച്ചും വ്യക്തമായ ഒരു തീരുമാനമുണ്ടാകാൻ വേണ്ടിയും ഈ ബില്ല് സർക്കുലേറ്റ് ചെയ്യുന്നതു് നന്നായിരിക്കുമെന്നുള്ള അഭിപ്രായം രേഖപ്പെടുത്താനാണ് ഞാൻ ഈ മോഷൻ അവതരിപ്പിച്ചിട്ടുള്ളതു് അതുകൊണ്ടു് ഈ ബില്ല് സർക്കുലേറ്റ ചെയ്യേണ്ടതു് വളരെ ആവശ്യമാണ്.

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വാസു മെഡിക്കൽ കൗൺസിലിന്റെ അഭിപ്രായം ആരായണമെന്നു പറഞ്ഞു. ഈ ബില്ല് നേഴ്സസ് ആൻഡ് മിഡ്വൈഫ്സിനെ സംബന്ധിച്ചുള്ളതാണ്. മെഡിക്കൽ കൗൺസിലിന്റെ കാൺസ്റ്റിറ്റ്യൂഷൻ ഇതിനകത്തുവരുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിച്ചതു് എന്താണെന്നു മനസ്സിലായില്ല.

ശ്രീ. എം. വി. വാസു : ഞാൻ പറയുന്നതു അവരെ പ്രതിനിധികരിക്കുന്ന പ്രശ്നങ്ങളിൽ അവർക്കുകൂടി അഭിപ്രായം പറയാൻ സാധിക്കണമെന്നുള്ളതുകൊണ്ടു ഈ ബിൽ സർക്കുലേറ്റ ചെയ്യണമെന്നാണ്.

Mr. Speaker: Order, order. There are two other motions for referring this Bill to a select committee. Those motions also may be moved and the Minister can reply to them all together.

Shri Tohmman can move first.

ശ്രീ. ടി. എ. തൊമ്മൻ: സർ, ഈ ബില്ല് സെലക്ട് കമ്മിറ്റിക്കയയ്ക്കണമെന്നു് ഞാൻ ഒരു ഭേദഗതി അവതരിപ്പിച്ചിരിക്കുകയാണ്. 1953—ലെ ആക്ട് ഭേദഗതിചെയ്യാനുള്ള ഒരു നിയമമാണിതു്. 40 വകുപ്പുകളാണ് ഒറിജിനൽ ആക്ടിൽ ഉള്ളതു്. ഇപ്പോഴത്തെ ഭേദഗതി ആക്ട് കുറെയൊക്കെ സാങ്കേതികമാണെങ്കിലും, സാങ്കേതികമായിട്ടും അല്ലാതെയും 28 വകുപ്പുകളിൽ ഭേദഗതിവരുത്തണമെന്നുള്ള ഒന്നാണു് ഈ ഭേദഗതിബിൽ. ആ നിലയ്ക്കു് വളരെയധികം വകുപ്പുകളും ഭേദഗതിചെയ്യേണ്ടതുകൊണ്ടു് ഈ ബിൽ സെലക്ട് കമ്മിറ്റിക്കയക്കുന്നതു് നന്നായിരിക്കും, കൂടുതൽ സൂക്ഷ്മപരിശോധന നടത്തുന്നതിനു് സാധിക്കുകയുംചെയ്യും. സർ, ഈ മെഡിക്കൽ കൗൺസിലിൽ കോഴിക്കോട് മെഡിക്കൽ കാളേജിലേയും, കോട്ടയം മെഡിക്കൽ കാളേജിലേയും, തിരുവനന്തപുരം മെഡിക്കൽകാളേജിലേയും ജിനാക്കോളജിപ്രൊഫസറന്മാരെക്കൂടി ഉൾപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം. പുതുതായി ആലപ്പുഴ ഒരു മെഡിക്കൽ കാളേജു് തുറന്നിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽകാളേജിലെ ജിനോക്കോളജി പ്രൊഫസറെക്കൂടി ഉൾപ്പെടുത്തുന്ന കാര്യവും ആലോചിക്കേണ്ടതാണ്. അതുപോലെതന്നെ പുതിയ ഒരു വകുപ്പാണ് ക്ലാസ് 20 (34എ). ഇതു് ശരിയായ രജിസ്ട്രേഷൻകൂടാതെ പ്രാക്ടീസുചെയ്യുന്ന ആളുകളെ ശിക്ഷിക്കാമെന്നു പറയുന്ന ഒരു ക്ലാസാണ് സബ്ക്ലാസ് 2—ൽ "Whoever contravenes the provisions of sub-section (1)shall be punishable with fine which may extend to one thousand rupees, and if the person so contravening is an association, every member of such association who knowingly and wilfully authorises or permits the contravention, shall be punishable with fine which may extend to five hundred rupees, എന്നാണ്. ഇതിൽ person എന്ന പ്രയോഗം സംബന്ധിച്ചു് ആക്ടിൽ ഒന്നുകിൽ natural person ഓ, അല്ലെങ്കിൽ artificial person-ഓ ആകാം. ആർട്ടിഫിഷ്യൽ പേഴ്സനാകണമെന്നുണ്ടെങ്കിൽ, ഒന്നുകിൽ കമ്പനി ആക്റ്റനുസരിച്ചോ, അല്ലെങ്കിൽ മറ്റു നിയമങ്ങളനുസരിച്ചോ കാൺസ്റ്റിറ്റ്യൂട്ട ചെയ്തിട്ടുള്ള ഒന്നാണു് ആർട്ടിഫിഷ്യൽ പേഴ്സൺ നിയമപ്രകാരം എല്ലാ അസോസിയേഷനും ആർട്ടിഫിഷ്യൽ പേഴ്സൺ ആയിരിക്കണമെന്നില്ല. കമ്പനി ആക്ടനുസരിച്ചോ, മറ്റു ചാരിറ്റബിൾ ആക്ടനുസ

LIBRARY ARCHIVES Kerala Legislative Assembly

രിച്ചോ പ്രധാനമായിട്ട് കാൺസ്റ്റിറ്റ്യൂട്ട ചെയ്യുന്ന ആളുകൾ ഒരു പേഴ്സനാകുന്നു, വെറും അഞ്ചോ, ആറോപേർ ക്ലൂടിചേർന്ന് ഒരു അസോസിയേഷൻ രൂപീകരിച്ചാൽ അത് ആട്ടിഫിഷ്യൽ പേഴ്സൺ ആയിരിക്കുമോയെന്നു ബലമായ സംശയമുണ്ട്. ഈ കാര്യങ്ങളൊക്കെ നോക്കേണ്ടതും സൂക്ഷ്മമായി പരിശോധന നടത്തേണ്ടതുമാണു്. അതുപോലെ 1963 ഏപ്രിൽ 1—ാംതീയതിക്കു മുമ്പായിട്ട് 3 കൊല്ലം തുടർച്ചയായി നേഴ്സായിരിക്കുന്ന ആളിനു് രജിസ്ട്രേഷൻ കൊടുക്കാമെന്നാണു് പറയുന്നതു്. 1963 ഏപ്രിൽ 1—നു് വല്ല പ്രധാനഉദ്ദേശവുമുണ്ടോ? ഈ നിയമം നടപ്പിലായതു് അടുത്തകാലത്താണെങ്കിലും 1964 ഏപ്രിൽ എന്നു വരെ ആകരുതോ? ഇക്കാര്യങ്ങളെല്ലാം ആലോചിച്ചു് സെലക്ട് കമ്മിറ്റി സൂക്ഷ്മപരിശോധന നടത്തുന്നതു് നന്നായിരിക്കും. ഈ നിയമം ഉടൻ തന്നെ പാസ്സാക്കേണ്ടതാണു്. അടുത്തദിവസംതന്നെ നിയമസഭ കൂടുന്നതാണു്. അതുകൊണ്ടു് അടുത്തദിവസംതന്നെ ബില്ലുകൊണ്ടുവന്നു് സെലക്ട്കമ്മിറ്റി സൂക്ഷ്മപരിശോധനനടത്തി ഞാൻ പറഞ്ഞകാര്യങ്ങളും പരിശോധിക്കണമെന്നു മാത്രമേ എനിക്കിപ്പോഴും പറയാനുള്ളൂ. അതുകൊണ്ടു് ഇതു് സെലക്ട്കമ്മിറ്റിക്കയക്കണമെന്നു പറഞ്ഞുകൊണ്ടു് ഞാനവസാനിപ്പിക്കുന്നു.

ശ്രീ. ഈ. പി. ഗോപാലൻ: സർ, ഈ ബില്ലു് സെലക്ട് കമ്മിറ്റിക്കയക്കണമെന്നുള്ള ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണു്. ഞാൻ, പേരിൽനിന്നു തന്നെതുടങ്ങാം. നമ്മുടെ മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ മിഡ്വൈഫ്സ് എന്നു ഇപ്പോഴും പറയാറില്ല. മെറേറർണിറ്റി അസിസ്റ്റൻറ്സ് എന്നാണു് ഉപയോഗിച്ചുവരുന്നതു്. എന്നാൽ പിന്നെ ബില്ലിലും അങ്ങനെ ഉപയോഗിച്ചുകൂടെ? സാധാരണ ഉപയോഗിച്ചുവരുന്നപേർ നിയമത്തിലും ഉപയോഗിക്കുന്നതല്ലെ നല്ലതു്? ഇക്കാര്യം മന്ത്രിയുടേയും ബന്ധപ്പെട്ട മറ്റുള്ളവരുടേയും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നറിയുന്നില്ല.

ശ്രീ. ടി. എ. തൊമ്മൻ : നേഴ്സസ് ആൻറ് മിഡ്വൈഫ്സ് ആക്ടിൽ നേരത്തെയുള്ള നിയമത്തിൽ മിഡ്വൈഫ്സ് എന്നാണു്. അതനുസരിച്ചാണു് ആ ആക്ട് ഭേദഗതി ചെയ്യാൻവേണ്ടി കൊണ്ടുവന്നിരിക്കുന്നതു്.

ശ്രീ. ഈ. പി. ഗോപാലൻ: ഡിപ്പാർട്ടുമെൻറിൽ അംഗീകരിച്ച ഒരു പേർ നിയമത്തിൽ ഉൾപ്പെടുത്തുന്നതിനെന്താണു് തടസ്സമെന്നു മനസ്സിലാവുന്നില്ല. മിഡ്വൈഫ് എന്നപദം മാറ്റിയതെന്തിനാണു്? നിയമത്തിൽ മിഡ്വൈഫ് എന്നും സാധാരണ ഉപയോഗത്തിൽ മെറേറണിറ്റി അസിസ്റ്റൻറ് എന്നും പറയാനിടവരുന്നതു് ശരിയാണോ? ഉപയോഗത്തിലിരിക്കുന്ന പദം നിയമത്തിൽ ഉൾക്കൊള്ളിക്കുന്നതു് ഉചിതമായിരിക്കുകയില്ലെ? ഇക്കാര്യം പരിശോധിച്ചിട്ടില്ലെന്നാണു് തോന്നുന്നതു്. രണ്ടാമത്തെക്കാര്യം മിഡ്വൈഫ് എന്നു പറയുന്ന ഒരു വിഭാഗം മാത്രമേ മുമ്പുണ്ടായിരുന്നുള്ളൂ. പേറച്ചിമാർ, എന്നു തജ്ജിമയിൽ ഉൾപ്പെടുന്നവർ ഈ വിഭാഗത്തിൽ പിന്നെയും ചിലരെ ഉൾപ്പെടുത്തുന്നുണ്ടു്, മിഡ്വൈഫ്മാർക്കു് പരിശീലനം നൽകി ഹെൽത്തുവിസിറ്റർമാരായും മറ്റും നിയമിക്കുന്നുണ്ടു്. മെറേറർനിറ്റി കേസുകളിലും അവർ അറൻഡു് ചെയ്യും. അപ്പോഴും, ഇവരിൽ തന്നെ പലവിഭാഗക്കാരുണ്ടെന്നതാണു് അർത്ഥം. മലബാർ ഭാഗത്തു് ഒരു സെൻററിൽ, മെറേറർണിറ്റി അസിസ്റ്റൻറും അവരെ സഹായിക്കാൻ ഒരു ആയയും ഉള്ള സംപ്രദായമുണ്ടു്. കേരളം വന്നതിനുശേഷം ആരംഭിച്ച മെറേറർണിറ്റി സെൻററുകളിൽ ഒരു മെറേറർണിറ്റി അസിസ്റ്റൻറു മാത്രമേയുള്ളൂ. ആയ എന്ന വിഭാഗത്തിൽപ്പെടുന്ന കുറെ പേരും ഉണ്ടെന്നും വരുന്നു. സ്വകാര്യ എഞ്ചൻസികളും പരിശീലനംകൊടുത്തു് പുറത്തുവിടുന്ന വിഭാഗക്കാരുണ്ടു്. ഈ എല്ലാ പ്രശ്നങ്ങളും പരിശോധിച്ചു രജിസ്ട്രേഷൻറെ കാര്യം തീരുമാനിക്കാൻ സെലക്ട് കമ്മിറ്റിക്കു് വിടണം, സെലക്ട് കമ്മിറ്റിക്കയയ്ക്കുന്നതിൽ യാതൊരു തടസ്സവും കാലതാമസവും വരുന്നതിൻറെ പ്രശ്നമേയില്ല. ഇത്രയും കാലതാമസം ഈ ബില്ലിനു് എങ്ങനെ വന്നു? ഏതായാലും ഒരു നീണ്ട സെഷനാണു് ഉദ്ദേശിക്കുന്നതെങ്കിൽ ഈ സെഷൻറെ മദ്ധ്യത്തിൽ വച്ചുതന്നെ ഈ പ്രശ്നങ്ങളും ചർച്ചചെയ്തു് ഈ നിയമ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. ഗോപാലൻ]

നിർമ്മാണം കഴിയുന്നതും ഫലപ്രദമാക്കിത്തീർക്കാൻ കഴിയും എന്ന വിശ്വാസത്തോടെയാണു് ഞാൻ ഇതുയും പറയുന്നതു്.

സർ, ഇവിടെ കഴിഞ്ഞ ചിലദിവസങ്ങളിൽ തുടർന്നുകണ്ട നടപടിക്രമം അനുസരിച്ചാണെങ്കിൽ ഒരു തിടുക്കവും കാണിക്കേണ്ടതില്ലെന്നു് പറയാൻ തോന്നുന്നു, നിയമനിർമ്മാണം കഴിവതും കുറ്റമറ്റതാവണമെന്നാണു് ആഗ്രഹമെങ്കിൽ, തിടുക്കം കാട്ടുന്നതിനർത്ഥമില്ല. നീട്ടാൻ വേണ്ടിപറയുകയല്ല. ഈ സഭയുടെ മുമ്പാകെ കടന്നുപോകുന്ന നിയമനിർമ്മാണങ്ങൾ കഴിയുന്നതും ഫലപ്രദമാക്കണമെന്ന ആഗ്രഹം ആ ഭാഗത്താണു് പ്രധാനമായിട്ടും ഉണ്ടാകേണ്ടതു്. അതു് ഉണ്ടായിക്കാണുന്നില്ല എന്ന വസ്തുത വ്യസനത്തോടുകൂടി പറയേണ്ടതായിട്ടുണ്ടു്. ഒരു പ്രത്യേക പരിതഃസ്ഥിതിയിൽ, ഒഴിവാക്കപ്പെടാൻ നിവൃത്തിഹമില്ലാതെ വന്ന ഒരു സഹചര്യത്തിൽ പ്രതിപക്ഷങ്ങൾക്കു് പുറത്തു് പോകേണ്ടതായിവന്നു. ആ തക്കം ഉപയോഗിച്ചു്, ചില ബില്ലുകൾ പാസ്സാക്കാനും മറ്റുചിലതു് സിലക്ടുകമ്മിറ്റിക്കയക്കാനും തീരുമാനിച്ചതായി അറിഞ്ഞു. ഭരണകക്ഷിയുടെ ഭാഗത്തു് നിന്ന അത്തരമൊരു നിലയെടുത്തതു ശരിയായില്ല. പ്രതിപക്ഷങ്ങളെക്കൂടി പങ്കെടുപ്പിക്കണമെന്ന വാദം ഭരണകക്ഷിയുടെ ഭാഗത്തു നിന്നു് തള്ളിക്കളഞ്ഞു. സിലക്ടു കമ്മിറ്റികളിൽ ഭരണകക്ഷിക്കുപുറമുള്ളവരെ ചേർക്കുന്നവഴക്കമല്ല ഇവിടെയുള്ളതു്. അതതു കമ്മിറ്റികളിൽ പ്രവൃത്തിക്കാൻപറ്റുന്നവരെ നോക്കി അതതു വിഭാഗക്കാർ അഭിപ്രായപ്പെടുകയും അയതു അംഗീകരിക്കപ്പെടുകയുമാണു് പതിവു് അതിനെല്ലാം വിരോധമായിട്ടുള്ള രീതിയാണു് ഭരണകക്ഷി സ്വീകരിച്ചതു്. നിയമസഭാ പ്രൊസീഡിംഗ്സ് തന്നെ കിട്ടിക്കഴിഞ്ഞിട്ടില്ലാത്തതുകൊണ്ടു് സിലക്ടു കമ്മിറ്റികളിൽ ആരെയെല്ലാമാണു് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന കാര്യത്തിൽ, ഞങ്ങൾ അജ്ഞരാണു്. ഈ ബിൽ സെലക്ടുകമ്മിറ്റിക്കു അയക്കുന്നപക്ഷം സഹകരിക്കാൻ ഞങ്ങൾ തയ്യാറാണു്. എന്നാൽ സഹകരണത്തിന്റേയും സൌഹാർദ്ദത്തിന്റേയും കാര്യം ഒരു ഭാഗത്തുമാത്രം ആവുന്നതുകൊണ്ടു് പ്രയോജനമില്ല. ഞങ്ങളുടെ അസാന്നിദ്ധ്യത്തിൽ രൂപീകരിക്കപ്പെട്ട കമ്മിറ്റികളിൽ ആരെയെല്ലാമാണു് ഈ ഭാഗത്തുനിന്നും ഉൾപ്പെടുത്തിയിട്ടുള്ളതെന്നു അറിയിച്ചിട്ടില്ല. അതു ചെയ്യണമെന്ന പ്രാഥമിക മര്യാദപോലും പാലിച്ചിട്ടില്ല. അതുകൊണ്ടു് ആ കമ്മിറ്റികളിൽ സഹകരിച്ചു് പ്രവൃത്തിക്കാൻ ഞങ്ങളുടെ പാർട്ടിയിൽനിന്നാരും തയ്യാറില്ല. ഈ കമ്മിറ്റിയുടെ കാര്യത്തിൽ എന്തു വേണമെന്നാലോചിക്കാവുന്നതാണു്.

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ബഹുമാനപ്പെട്ട മെമ്പർ, ഈ ബിൽ സെലക്ടുകമ്മിറ്റിക്കയയ്ക്കണമെന്ന മോഷൻ ചർച്ച ചെയ്യണമെന്ന അഭിപ്രായത്തെ പിൻതാങ്ങുകയും അതേസമയം മറ്റു ബില്ലുകളുടെ സെലക്ടുകമ്മിറ്റികളിൽ പ്രതിപക്ഷത്തുള്ള അംഗങ്ങളെ ഉൾപ്പെടുത്താത്തതുകൊണ്ടു് ഈ ബില്ലിൽ ഉൾപ്പെടുത്തരുതെന്നു പറയുകയും ചെയ്തു. ഈ രണ്ടു അഭിപ്രായവും തമ്മിൽ എന്താണു പൊരുത്തമെന്നു എനിക്കു് മനസ്സിലാകുന്നില്ല,

ശ്രീ. ഈ. പി. ഗോപാലൻ : ഞങ്ങളുടെ അസാന്നിദ്ധ്യത്തിൽ, ബില്ലുകളുടെ സെലക്ടുകമ്മിറ്റികളിൽ ഈ ഭാഗത്തുനിന്നു ആരെയെല്ലാം ഉൾപ്പെടുത്തിയെന്നുള്ളവിവരം ഞാനാവശ്യപ്പെട്ടിരിക്കുകയാണു്. ആ വിവരം അറിയുന്നതും ഈ ബില്ലിന്റെകാര്യവും തമ്മിൽ ബന്ധപ്പെട്ടതാണു്. ഇതിൽതന്നെ ചിലരെ ഉൾപ്പെടുത്തിയിട്ടില്ലെ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഈ ബില്ലിനെ സംബന്ധിച്ചുള്ള നിലപാടു് എന്താണെന്നു വ്യക്തമാക്കുമോ ?

ശ്രീ. ഈ. പി. ഗോപാലൻ : ഇതറിയാൻ മാത്രം എന്താണു് ഇത്ര തിടുക്കം ? ഇതിനുമാത്രം തിടുക്കപ്പെട്ടാൽപോരാ. പൊതുവിൽ നിയമനിർമ്മാണക്കാര്യത്തിലുള്ള തത്പരം അറിഞ്ഞിരിക്കുന്നതു നന്നു്. ഈ ബില്ലിന്റെ കാര്യത്തിൽ, സിലക്ടു് കമ്മിറ്റി മെമ്പറന്മാരെ നിയമിക്കുന്നകാര്യത്തിൽ, ഈ വിഭാഗത്തെ അഭിപ്രായം സ്വീകരിക്കാൻ തയ്യാറാണെങ്കിൽ, സഹകരിക്കാൻ ഞങ്ങൾ ഒരുക്കമാണു്. എന്നാൽ, മുൻപറഞ്ഞ ബില്ലുകളുടെ കാര്യത്തിൽ,

LIBRARY ARCHIVES Kerala Legislative Assembly

സിലക്ട് കമ്മിറ്റികളിൽ സഹകരിക്കാൻ ഒരുക്കമില്ല. ഈ ബില്ലിന്റെ ഈ ഘട്ടത്തിൽ, ഇത്രയും പറഞ്ഞതു കൊണ്ട് കാര്യം മനസ്സിലാക്കി, മേലിലെങ്കിലും തെറ്റ് ആവർത്തിക്കാതിരിക്കുമെന്ന് കരുതുന്നു. ഈ ബില്ലിന്റെ സിലക്ട് കമ്മിറ്റിയിലേയ്ക്ക് ഈ ഭാഗത്തുനിന്നുള്ള പേരുകൾ ഞാൻ പിന്നീട് നിർദ്ദേശിക്കുന്നതാണ്.

Mr. Speaker: If the Minister agrees, to refer the Bill to a Select Committee Mr. Gopalan will propose the names also.

ശ്രീമതി. കെ. ആർ. ഗൗരി: സർ, ഈ ബില്ല് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കുകയാണെങ്കിൽ പഴയ നിയമത്തിലെ വ്യവസ്ഥകൾ കൂടി 1953-ലെ നിയമത്തിലെ മുഴുവൻ പ്രൊവിഷൻസും കൂടി, scrutinise ചെയ്യുന്നതിൻള്ള അധികാരംകൂടി ഈ സെലക്ട് കമ്മിറ്റിക്ക് കൊടുക്കണം. 1953-ലെ നഴ്സസ് ആൻഡ് മിഡ്വൈഫ്സ് ആക്ട് നടപ്പിൽവന്നതിനുശേഷം 1963-ൽ മൂന്നുകൊല്ലം മുമ്പ് പ്രാക്ടീസ് ചെയ്തുകൊണ്ടിരുന്ന നഴ്സസ് ആൻറ് മിഡ്വൈഫ്സിനുമാത്രമേ രജിസ്ട്രേഷൻ ഉണ്ടായിരുന്നതായി കണക്കാക്കുകയുള്ളു എന്നാണ് 1963-ലെ അമെൻറുമെൻറ് ആക്ടിൽ വ്യവസ്ഥ ചെയ്തത്. 1953-ലെ ആക്ടിന്റെ അടിസ്ഥാനത്തിൽ റൂൾസ് നിലവിൽ വന്നുവെങ്കിലും അതിനുശേഷം നമ്മുടെനാട്ടിൽ പലവിധത്തിലുള്ള സംഭവവികാസങ്ങളും ഉണ്ടായിട്ടുണ്ട്. എല്ലാ ആശുപത്രികളിലും അതുപോലെ തന്നെ പല പ്രൈവറ്റ് സ്ഥാപനങ്ങളിലും 1953 നുശേഷം വളരെ കൂടുതൽ ആളുകളെ നേഴ്സസ് ആൻറ് മിഡ്വൈഫ്സ് എന്നനിലയിൽ കാളിഫൈഡ് അല്ലാത്ത ആളുകളെ എടുക്കുകയും, അവരെയൊക്കെ നേഴ്സസ് ആൻഡ് മിഡ്വൈഫായി ട്രയിൻ ചെയ്തിച്ച് ജോലിചെയ്യിക്കുകയും ചെയ്തിട്ടുണ്ട്. 1953-നുശേഷം 1963 കാലഘട്ടംവരെ ഈ നിയമപ്രകാരമുള്ള കോഴ്സ് നടപ്പിൽ വരുത്തുവാൻ കഴിഞ്ഞിട്ടില്ല. അതിന്റെ ഫലമായി നമ്മുടെ നാട്ടിലെ തൊഴിലില്ലായ്മ എന്നപരിതസ്ഥിതി വച്ചുകൊണ്ട് വളരെ കൂടുതൽ ആളുകളും, പെൺകുട്ടികളായാലും, ആൺകുട്ടികളായാലും വളരെപ്പേർ, ഇതുപോലെയുള്ള സ്ഥാപനങ്ങളിൽ പ്രവർത്തിയെടുത്തു പോന്നിട്ടുണ്ട്. വളരെകൂടുതൽ ആളുകളും ഇതുപോലെയുള്ള നേഴ്സിംഗ് ഹോമുകളിലും ആശുപത്രികളിലും സേവനമനുഷ്ഠിക്കുകയും ശമ്പളം മേടിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അവരെ ആരെയും അതിനും ശിക്ഷിക്കാറില്ല. എന്നാൽ ഇന്നത്തെ ആക്ടിൽ അതിനും ഒരു പ്രൊവിഷനുണ്ട്.

"(ii) evey person who within the period of one year or such other longer period as may be fixed by the Government from the date of commencement of the Nurses and Midwives (Amendment) Act. 1963, proves that he had been in regular practice as a nurse or midwife, for a period of not less than three years preceding the first day of April, 1963 shall be eligible for registration under this Act:"

എന്നു പറയുന്നുണ്ട്. 1963-ന മുന്നു കൊല്ലം മുമ്പ് പ്രാക്ടീസ് ചെയ്തുകൊണ്ടിരിക്കുന്ന നേഴ്സസ് ആൻറ് മിഡ്വൈഫ്സിനു രജിസ്ട്രേഷൻ ഉള്ളതായി കണക്കാക്കുമെന്നു പറയുന്നുണ്ട്. ഇതുവളരെ സ്വാഗതാർഹമായ ഒരു സംഗതിയാണ്. ഇതു പറയുന്നതോടൊപ്പം പലരും ഇവിടെ അഭിപ്രായപ്പെട്ടതുപോലെ ഏതെങ്കിലും ഒരു വിഭാഗക്കാരെ ഇതിൽനിന്നും ഒഴിച്ചിട്ടുണ്ടോ എന്നു നോക്കുവാനുണ്ട്, യഥാർത്ഥത്തിൽ അവർക്കും ഈ മിഡ്വൈഫ് ആൻഡ് നേഴ്സസ് കൗൺസിലിൽ പ്രാതിനിധ്യം കൊടുക്കേണ്ടതുണ്ട്. ഈ നിയമത്തിലെ ഓരോവകുപ്പും പ്രത്യേകം പ്രത്യേകം വായിച്ചുനോക്കുവാൻ വിഷമമാണ്. ഇതിനകത്ത് എന്തെങ്കിലും പാകപ്പിഴകൾ ഉണ്ടോ, കൂടുതൽ ആളുകളെ ഇതിന്റെ പരിധിയിൽ കൊണ്ടുവരുവാൻ ബുദ്ധിമുട്ടുണ്ടോ എന്നെല്ലാം നോക്കാതെ ഇതു പാസ്സാക്കുന്നതു ശരിയല്ല, കാളിഫിക്കേഷൻ ഇല്ലാത്തതായിട്ടുള്ള ആളുകൾ ഈ ജോലി ചെയ്തുപോരുന്നുണ്ടെങ്കിൽ അവർക്കും രജിസ്ട്രേഷൻ കൊടുക്കേണ്ടതാവശ്യമാണ്. ഇനി മേലാൽ കാളിഫൈഡ് അല്ലാത്ത ആളുകളെ ഈ ജോലിയിൽ വച്ചുകൊണ്ടിരിക്കുവാൻ പാടില്ല. അതുകൊണ്ട് അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

യുള്ള ആളുകൾക്ക് ഒരു ഷോർട്ടേം കോഴ്സ് കൊടുത്തുകൊണ്ട് രജിസ്ട്രേഷനുള്ള സൗകര്യം കൊടുക്കണമെന്ന് എനിക്കഭിപ്രായമുണ്ട്. ഏതായാലും വമ്പിച്ച ഒരു വിഭാഗത്തിനു് രജിസ്ട്രേഷൻ കൊടുക്കുവാനുള്ള ഒരു വകുപ്പ് ഇതിൽ വച്ചിട്ടുണ്ട്. അതു സ്വാഗതാർഹമാണു്. പക്ഷേ, എല്ലാ വിഭാഗക്കാരെയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന സംഗതി ആലോചിക്കണം. ആൻറി ബയോട്ടിക്സ് വളരെയധികം കൈകാര്യം ചെയ്യുകൊണ്ടിരിക്കുന്ന എല്ലാവർക്കും ഈ ബില്ലിൽ രജിസ്ട്രേഷനുള്ള സൗകര്യം കൊടുക്കണം. ഇനിമേലാൽ ഇതാവർത്തിക്കാതിരിക്കുവാനുള്ള നടപടിയും ഉണ്ടാകണം. 1963—ന മുന്നുകൊല്ലം മുമ്പ് എന്ന പറഞ്ഞിരുന്നാലും അതു് എൻഫോഴ്സ് ചെയ്യുവാൻ സാധിക്കുമെന്ന എനിക്കു് വിശ്വാസമില്ല. സിക്സ്ത്തഫാറം പാസ്സായി കഴിഞ്ഞു ജോലിയില്ലാതിരുന്ന വളരെയാളുകൾ ഈ ജോലിക്കു പോയിട്ടുണ്ട്. മുപ്പതു രൂപായാണു് സാധാരണ നിലയിൽ ഇവർക്കു കൊടുക്കുന്ന ശമ്പളം. അവരുടെ മിനിമംവേജ് നിശ്ചയിക്കണമെന്ന ഒരു മെമ്മോറാണ്ടം അവർ ആരോഗ്യവകുപ്പു മന്ത്രിക്കു് സമർപ്പിച്ചിട്ടുണ്ട്. ഈ വിധത്തിലുള്ള വല്ല പ്രൊവിഷനും ഈ ബില്ലിൽ ഉൾപ്പെടുത്താൻ സാധിക്കുമോ എന്നാലോചിക്കണം. അതിൻറെ അടിസ്ഥാനത്തിൽ ഈ നിയമം സംബന്ധിച്ച മുഴുവൻ പ്രൊവിഷൻസും സ്ക്രൂട്ടിനൈസ് ചെയ്യണമെന്ന എനിക്കാഗ്രഹമുണ്ട്. ഇന്നു് നിലവിലുള്ള വ്യവസ്ഥകളിൽ എന്തെങ്കിലും ഒരു റെസ്ട്രിക്ഷൻ ഏർപ്പെടുത്തിക്കൊണ്ട്, അവരുടെ അവശതകൾക്കു് പരിഹാരമുണ്ടാകത്തക്കവിധത്തിൽ എന്തെങ്കിലും ഒരു വകുപ്പുകൂടി ഇതിൽ ചേർക്കണമെന്നാണു് എൻറെ അഭിപ്രായം. ചില ആളുകൾ അവരുടെ പേരോടുകൂടി ആർ. എം. പി. എന്നുകൂടി എഴുതിവച്ചിട്ടുള്ളതായി കാണുന്നുണ്ട്. അതു കണ്ടാൽ തോന്നും ആർ. എം. പി, എന്നുള്ളതു് ഏതോ ഡിഗ്രിയാണെന്നു്. ഇംഗ്ലണ്ടിലോ മറ്റോ കൊടുക്കുന്ന എന്തോ ഡിഗ്രിയാണെന്നു ഞാനതു കണ്ടപ്പോൾ വിചാരിച്ചു. നമ്മുടെ സംസ്ഥാനത്തെ മിസ്വൈഫ്സിനെ സംബന്ധിച്ചു മൊത്തത്തിൽ ഒരു നിയമം ഉണ്ടാക്കേണ്ടതാണെന്നാണു് എൻറെ അഭിപ്രായം, ഗവണ്മെൻറു സ്ഥാപനങ്ങളിലും, പ്രൈവറ്റു സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന നേഴ്സസ് ആൻഡ് മിഡ്വൈഫ്സിനെ സംബന്ധിച്ചു പ്രത്യേകം ഒരു നിയമം വേണമെന്നു പറയുന്നുണ്ട്. അതുകൊണ്ട് മൊത്തത്തിൽ എല്ലാ മിഡ്വൈഫ്സിനും നേഴ്സിനും ബാധകമാകത്തക്കവിധത്തിൽ പൊതുവെ ഒരു നിയമം ഉണ്ടാക്കാൻ കാലതാമസം നേരിടുന്നതു ശരിയല്ല. സർ, ഞാൻ മുൻപു പറഞ്ഞതുപോലെ പ്രൈവറ്റു ഇൻസ്റ്റിറ്റ്യൂഷനുകളിൽ ജോലിചെയ്യുന്ന മിഡ്വൈഫ്സിനേയും, നേഴ്സുമാരേയും സംബന്ധിച്ചു്, അവരുടെ ശമ്പളത്തെ സംബന്ധിച്ച ഒരു മിനിമംവേജ്സ് നിശ്ചയിക്കണമെന്ന എനിക്കഭിപ്രായമുണ്ട്. എല്ലാസാധനങ്ങളുടേയും വില ഇന്നു 37 ശതമാനം കൂടിയിരിക്കുന്നുവെന്നാണറിയുന്നതു്. ഔദ്യോഗികമായ കണക്കു എന്താണെന്നു നിക്കറിഞ്ഞുകൂടാ, മുമ്പു 100 രൂപാക്കു് സാധനങ്ങൾ വാങ്ങിച്ചുകൊണ്ടിരുന്നതായ അതെ കടയിൽനിന്നു ആ സാധനങ്ങൾതന്നെ ഇന്നു വാങ്ങുന്നതിനു 137 രൂപാകൊടുക്കണം. ആ നിലയ്ക്കു് നേഴ്സ്സായും, മിഡ്വൈഫ്സായും ജോലി ചെയ്യുന്നവരുടെ സേവനത്തെ സംബന്ധിച്ചും, അവരുടെ വേതനത്തെ സംബന്ധിച്ചും കൂടി എന്തെങ്കിലും ചെയ്യുവാൻ സാധ്യതയുണ്ടോ എന്നാലോചിക്കണമെന്നാണു് എൻറെ അഭിപ്രായം. ഈ വക കാര്യങ്ങൾ കൂടി ഇതിൽ ഉൾപ്പെടുത്താമോ എന്നാലോചിക്കുന്നതിനു ആ ഭാഗത്തുനിന്നു സന്മനസ്സു കാണിക്കണമെന്നാണു് എനിക്കുപറയാനുള്ളതു്. ഇങ്ങനെയുള്ള ഒരു ബിൽ ഇവിടെ അവതരിപ്പിക്കുന്ന ദിവസംതന്നെ പാസ്സാക്കണമെന്നുള്ള മനോഭാവം ആ ഭാഗത്തുനിന്നു ഉപേക്ഷിക്കണമെന്നു ഞാൻ അപേക്ഷിക്കുകയാണു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : സർ, ഈ ബിൽ ഒരു സെലക്ടുകമ്മിറ്റിക്കു് അയക്കേണ്ട ആവശ്യമുണ്ടെന്നു എനിക്കും തോന്നുന്നു. കാരണം ഇന്നു നമ്മുടെ രാജ്യത്തുള്ള ആശുപത്രികളിൽ ആവശ്യത്തിനു് നേഴ്സസും, മിഡ്വൈബ്സും ഇല്ല. നമ്മുടെ ആശുപത്രികളിൽ ആവശ്യത്തിനു്

LIBRARY ARCHIVES Kerala Legislative Assembly

നേഴ്സിനെയും, മിഡ്വൈഫിനെയും നിയമിക്കണമെന്ന പലപ്പോഴും മെഡിക്കൽ മന്ത്രിയോട് ആവശ്യപ്പെടുമ്പോഴും ആശുപത്രിയിൽ കിടക്കുന്ന രോഗികളുടെ എണ്ണത്തിനനുസരണമായി നേഴ്സിനെ വയ്ക്കുവാൻ സാധിക്കാത്തതു് ഇന്നു കാളിഫൈഡായിട്ടുള്ള നേഴ്സു് ഇല്ലാത്തതുകൊണ്ടാണെന്നു പലപ്പോഴും പറയാറുണ്ടു്. നമ്മുടെ നാട്ടിൽ കാളിഫൈഡായിട്ടുള്ള വളരെപ്പേരുണ്ടു്, എന്നാലവർ ഇവിടത്തെ സർവ്വീസിൽ പ്രവേശിക്കാതെ വടക്കെ ഇൻഡ്യയിൽ പോയി ജോലി നോക്കുകയാണു ചെയ്യുന്നതു്. തിരുവിതാംകൂർ–കൊച്ചിയിൽ നിന്നും, മലബാറിൽനിന്നും അനേകായിരം നേഴ്സും, മിഡ്വൈഫ്സും വടക്കേ ഇൻഡ്യയിൽ പല സംസ്ഥാനങ്ങളിലും പോയി ഇന്നു് ജോലി ചെയ്യുന്നുണ്ടു്. അതിനുള്ള കാരണം ഇവിടത്തെ ശമ്പളത്തേക്കാളും കൂടുതലായ ശമ്പളം അവിടെ കിട്ടുന്നുവെന്നുള്ളതാണു്. ഇവിടത്തെ ശമ്പളം വളരെ കുറവാണെന്ന കാരണത്താൽ ഇവിടത്തെ മെഡിക്കൽ ഡിപ്പാർട്ടുമെൻറിലേക്കു് നേഴ്സിനെയും, മിഡ്വൈഫിനെയും ആകർഷിക്കുന്നതിനു സാധിക്കുന്നില്ല. സർ, കഴിഞ്ഞ വെള്ളിയാഴ്ച ഈ നേരത്തു് ഞാനിവിടെ പറയുകയുണ്ടായി പ്രതിപക്ഷത്തുള്ള ആളുകളുടെ അഭിപ്രായം കേൾക്കാതെയും, അവരുടെ അഭിപ്രായം അറിയാതെയും ഇത്ര പെട്ടെന്നു് വളരെ ചുരുങ്ങിയ സമയംകൊണ്ടു് വളരെ ചുരുക്കം ആളുകളിരുന്നു ബില്ലുകൾ പാസ്സാക്കുന്നതു ശരിയല്ലെന്നു്. അതു് നിങ്ങൾ ചെയ്യരുതെന്നും വളരെ ശക്തിയായി ഞാനിവിടെ പറഞ്ഞു. രണ്ടുദിവസം കഴിഞ്ഞു തിങ്കളാഴ്ചത്തേക്കു് ബില്ലുകളെ സംബന്ധിച്ചുള്ള ആലോചന നീട്ടിവയ്ക്കണമെന്നും, അന്നു് എല്ലാ അംഗങ്ങളും ഇവിടെ വരുമെന്നും ഞാൻ പറഞ്ഞു. അതു കേൾക്കുവാനുള്ള സന്മനസു നിങ്ങൾക്കുണ്ടായില്ല. പണ്ടു ഞാൻ പറഞ്ഞതുപോലെ ദോശ ചുട്ടന്നതു മാതിരി വേഗംവേഗം ബില്ലു പാസ്സാക്കി. വെള്ളിയാഴ്ച രണ്ടോ, മൂന്നോ ബില്ലു് പാസ്സാക്കിയെന്നു് ഞങ്ങൾ പത്രത്തിൽ വായിച്ചു. അതുപോലെ ഈ ബിൽ പാസ്സാക്കിയാൽ എന്താണു വിരോധം എന്നായിരിക്കും വിചാരം. പ്രതിപക്ഷത്തുള്ള ആളുകൾ പറയുന്നതുകൂടി കേൾക്കുവാനുള്ള സന്മനസു് ഭരണകക്ഷിക്കുണ്ടാകണം. നേഴ്സ്, മിഡ്വൈഫ്സ് ആക്ടുലിയറിനേഴ്സ് മിഡ്വൈഫ്, ഹെൽത്തു വിസിറേഴ്സ് എന്നിങ്ങനെയുള്ള കോഴ്സുകൾ പാസ്സായി വരുന്നവരെ കൂടി രജിസ്ട്രേഷനിൽ ഉൾപ്പെടുത്തുന്നതിനാണു് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതു്.

ശ്രീമതി ഗൗരി പറഞ്ഞതുപോലെ അനേകം ഇൻസ്റ്റിറ്റ്യൂഷൻസ് നാലും അഞ്ചും കൊല്ലം പഠിപ്പിച്ചു് പരീക്ഷ നടത്തി ആളുകളെ പുറത്തുവിടുന്നുണ്ടു്. അങ്ങനെയുള്ളവരെ ഗവണ്മെൻറു സർവ്വീസിൽ ഇന്നുള്ളവരെപ്പോലെ കണക്കാക്കത്തക്ക വ്യവസ്ഥകൾ ഈ ബില്ലിൽ കൊള്ളിക്കേണ്ടതാണു്. അങ്ങനെയുള്ളവരെക്കൂടി ഉൾപ്പെടുത്തത്തക്ക വിധത്തിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നതിനു് ഈ ബിൽ സെലക്ടു കമ്മിറ്റിയിൽ അയക്കേണ്ടതാണെന്നു ശ്രീമതി ഗൗരി പറഞ്ഞ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. ഈ ബില്ലിൽ രണ്ടു വകുപ്പു മാത്രമെ പറഞ്ഞിട്ടുള്ളു. കൂടുതൽ ആളുകളെ ചേർക്കേണ്ടിവരും. അങ്ങനെ ചേർത്തുകഴിഞ്ഞാൽ ആളുകൾ ഉണ്ടോ, അവരെക്കൂടി ചേർക്കാവുന്നതാണോ; എന്നുള്ള കാര്യങ്ങളെപ്പറ്റി അന്വേഷിച്ചു് ഈ ബില്ലിൽ വേണ്ട വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനു് ഇതിനെ സെലക്ടുകമ്മിറ്റിയിൽ അയയ്ക്കുന്നതുകൊണ്ടു് യാതൊരു ദോഷവും വരാനില്ല. പെട്ടെന്നു പാസ്സാക്കണമെങ്കിൽ, വെള്ളിയാഴ്ചതന്നെ പാസ്സാക്കാമായിരുന്നു. മിഡ്വൈഫുകളുടേയും നഴ്സുകളുടേയും, ഭാഗ്യംകൊണ്ടു് വെള്ളിയാഴ്ച ഈ ബിൽ അപകടത്തിൽ ചാടിയില്ലെന്നേയുള്ളു. ഈ ധൃതി കണ്ടാൽ വച്ചിട്ടുപോകാനുള്ള ഒരു മട്ടുണ്ടെന്നു തോന്നും.

മി. സ്പീക്കർ : ഈ ബില്ലിനെപ്പറ്റി പറഞ്ഞാൽ മതിയല്ലോ ?

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ഈ ബിൽ, കഴിഞ്ഞ വെള്ളിയാഴ്ച ചിലതു പാസ്സാക്കിയതുപോലെ പാസാക്കരുതെന്നാണു ഞാൻ പറയുന്നതു്. നാളെ എന്തു സംഭവിക്കാൻപോകുന്നു എന്നു അറിഞ്ഞുകൂടാതെയാണു പാസ്സാക്കിയതു്. അതു മര്യാദയാണോ ? ജനങ്ങളെപ്പറ്റിയോ, രാജ്യത്തെപ്പറ്റിയോ ചിന്തയില്ല. വെള്ളിയാഴ്ച മര്യാദവിട്ടു പാസ്സാക്കിയതുപോലെ, ഈ ബിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

പാസ്സാക്കരുതെന്നാണ് എനിക്ക് പറയുവാനുള്ളത്. ഒറിജിനൽ ആക്റ്റിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതു് ജനങ്ങളെ സംബന്ധിച്ചിടത്തോളം ഗുണകര മാണെന്നുണ്ടെങ്കിൽ അതിനുള്ള അധികാരത്തോടുകൂടി ഈ ബിൽ സെലക്റ്റ് കമ്മിറ്റിക്കു് അയയ്ക്കേണ്ടതാണു്. ഈ രാജ്യവും സക്കാരും എന്നും കാണും. നിങ്ങളും അല്ലെങ്കിൽ മറ്റാരെങ്കിലും ഭരിക്കാനും കാണും. അതുകൊണ്ടു് ധൃതി വയ്ക്കേണ്ട കാര്യമില്ല. ബിൽ സെലക്റ്റ് കമ്മറ്റിക്കു് അയയ്ക്കേണ്ടതാണു്.

ശ്രീ. കെ. ഹസ്സൻ ഗനി : ഈ ബിൽ സെലക്റ്റുകമ്മിറ്റിക്കു് അയയ്ക്കുന്നതിനു് ശ്രീ. ഈ. പി. ഗോപാലൻ സൂചിപ്പിച്ച കാര്യം അത്ര ശരിയാണെന്നു് എനിക്കു തോന്നുന്നില്ല. ഒരു പേരുമാറ്റത്തിനുവേണ്ടി സെലക്റ്റ് കമ്മിറ്റിക്കു അയയ്ക്കേണ്ടതില്ല. പക്ഷേ, ഇതിൽ ചില പ്രധാനപ്പെട്ട മാറ്റങ്ങളും വരുത്തണമെന്നു് ശ്രീമതി ഗൗരി പറഞ്ഞതിനോടു യോജിക്കാതിരിക്കാൻ നിവൃത്തിയില്ല. ശ്രീ. ചാഴിക്കാടൻ സൂചിപ്പിച്ച കാര്യങ്ങളിലുള്ള എന്റെ അനുഭവവും ഇവിടെ രേഖപ്പെടുത്തുന്നുണ്ടു്. ഇന്നു് പ്രൈവറ്റു് ഇൻസ്റ്റിറ്റ്യൂഷൻസിൽ ജോലിചെയ്യുന്ന മിഡ്വൈഫുകൾക്കും നഴ്സുകൾക്കും നൽകിവരുന്ന വേതനവും ജോലിസ്ഥിരതയും നോക്കുമ്പോൾ 1953-ലെ ആക്റ്റു് സ്ക്രൂട്ടിനൈസു് ചെയ്യേണ്ടതാവശ്യമാണെന്ന എനിക്കും തോന്നുന്നുണ്ടു്. അതിനുള്ള അധികാരം സെലക്റ്റ് കമ്മിറ്റിക്കു നൽകേണ്ടതാവശ്യമാണു്. നിലവിലുള്ള നിയമങ്ങളും ഇന്നു പ്രൈവറ്റു് ഇൻസ്റ്റിറ്റ്യൂഷൻസിൽ ജോലിചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം അപര്യാപ്തമാണെങ്കിൽ തീർച്ചയായും ആവക വകുപ്പുകളിൽ അൽപസ്വൽപം വ്യത്യാസം വരുത്തുന്നതിനു് 1953-ലെ ആക്റ്റു് സ്ക്രൂട്ടിനൈസു് ചെയ്യേണ്ടതാണു്. പല ഇൻസ്റ്റിറ്റ്യൂഷൻസിലും യാതൊരു ജോലിസ്ഥിരതയും നൽകാതെ പത്തും പതിനഞ്ചും ദിവസം ജോലി ചെയ്യിച്ചിട്ടു് പിരിച്ചുവിടുന്ന സമ്പ്രദായം ഉണ്ടു്. അതു് നിയമത്തിൽക്കൂടിയല്ലാതെ തടയാൻ സാദ്ധ്യമല്ല. അതിലേയ്ക്കു് ഒറിജിനൽ ആക്റ്റു് സ്ക്രൂട്ടിനൈസു് ചെയ്യേണ്ടതാവശ്യമാണു്. അതുകൊണ്ടു് ആവശ്യമായ പ്രധാനപ്പെട്ട മാറ്റങ്ങളും വരുത്തുന്നതിനുകൂടി സെലക്റ്റ് കമ്മിറ്റിക്കു് അധികാരം നൽകി ഈ ബിൽ സെലക്റ്റ് കമ്മിറ്റിക്കു് അയയ്ക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

ഇപ്പോൾ ഇവരുടെ വളരെയേറെ റെപ്രസെന്റേഷൻസു് ഗവണ്മെന്റിനും നിയമസഭാസാമാജികന്മാർക്കും ദൈനംദിനം കിട്ടിക്കൊണ്ടിരിക്കുന്നുണ്ടു്. അതുകൊണ്ടു് സെലക്റ്റ് കമ്മിറ്റിക്കു് ഈ ബില്ലു് അയയ്ക്കുമ്പോൾ കാലതാമസമെന്യേ റിപ്പോർട്ടു വരുത്തി അവരുടെ അവകാശങ്ങളും എല്ലാം നൽകത്തക്കവിധത്തിൽ റൂളുകളും പാസ്സാക്കി പെട്ടെന്നുതന്നെ അവർക്കു് ആനുകൂല്യങ്ങളും നൽകേണ്ടതാണു്. ശ്രീ. ചാഴിക്കാട്ടു് സൂചിപ്പിച്ചതുപോലെ ഈ കോഴ്സു് കഴിഞ്ഞു വരുന്നവർ നമ്മുടെ രാജ്യത്തു് സേവനം ആവശ്യപ്പെടുന്നതായി കാണുന്നില്ല. കാരണം, സെൻട്രൽ ഗവണ്മെന്റിലും മറ്റു വെളിയിലുള്ള സ്ഥാപനങ്ങളിലും നൽകുന്ന വേതനത്തേക്കാളും കുറവാണു് ഇവിടെ എന്നുള്ളതാണു്. ഇന്നു് പല ആശുപത്രികളിലും നഴ്സസ്സു് മതിയാകുമ്പോളും ഇല്ലെന്നാണു കാണുന്നതു്. 12 പേർ വേണ്ടിടത്തു് 9-ും, 10-ും പേരാണു് ചില ആശുപത്രികളിൽ ഉള്ളതു്. ചിലയിടത്തു് 5 പേർ വേണ്ടിടത്തു രണ്ടുപേരെയുള്ള എന്നും കാണുന്നുണ്ടു്. ഇതൊക്കെ മാറുന്നതിനു് ഇവരുടെ വേതനം ഏതുപ്രകാരത്തിൽ ക്രിപ്പപ്പെടുത്തണമെന്നുള്ളതിലേയ്ക്കു് മറ്റു സ്റ്റേറ്റുകളിലേയും പ്രൈവറ്റു് ഇൻസ്റ്റിറ്റ്യൂഷൻസിലേയും വേതനവുമായി ഇവിടെ ഉള്ള വേതനത്തെ തട്ടിച്ചുനോക്കി വേണ്ട മാറ്റങ്ങളും ഈ ബില്ലിൽ വരുത്തുന്നതു് നന്നായിരിക്കും. ഇതു് സെലക്റ്റ് കമ്മിറ്റിക്കു് അയയ്ക്കണമെന്നുള്ളതിനോടു് ഞാൻ അനുകൂലിക്കുന്നു.

ശ്രീ. പി. നാരായണൻ തമ്പി : ഈ ബിൽ സെലക്റ്റുകമ്മിറ്റിക്കു പോകേണ്ടതു് വളരെ ആവശ്യമാണു്. ബഹുമാനപ്പെട്ട മന്ത്രി അതിനോടു യോജിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി ചില നിർദ്ദേശങ്ങളും വയ്ക്കാനുണ്ടു് ഞാൻ കരുതുന്നതു്. 3-ാം വകുപ്പിൽ കൗൺസിലിൽ റെപ്രസന്റേഷൻ നൽകുന്നതാഗത്തു് കൂടുതലായി സ്ഥാപനങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തുന്നതോടൊപ്പം രജിസ്റ്റേഡ്

LIBRARY ARCHIVES Kerala Legislative Assembly

നഴ്സസിന്റേയും മിഡ്വൈഫ്സിന്റേയും പ്രതിനിധികൾക്ക് കൂടുതൽ പ്രാതിനിധ്യം കൊടുത്താൽ കൊള്ളാമെന്ന് എനിക്ക് അഭിപ്രായമുണ്ട്. ഇപ്പോൾ രജിസ്റ്റേഡ് മിഡ്വൈഫ്സിൽനിന്ന മൂന്നംഗങ്ങൾക്ക് നഴ്സസ് അസോസിയേഷന്റെ ഒരംഗത്തിനും, ഹെൽത്ത് വിസിറേഴ്സിൽനിന്ന് ഒരംഗത്തിനുമാണ പ്രാതിനിദ്ധ്യം കൊടുത്തിരിക്കുന്നത്. എത്രത്തോളം നഴ്സസും മിഡ്വൈവ്സും ഉണ്ടെന്നുള്ളതിനെ പരിഗണിച്ച് അവർക്ക് കൂടുതൽ പ്രാതിനിദ്ധ്യം നൽകേണ്ടതാണ്.

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഒറിജിനൽ ആക്റ്റപ്രകാരം അഞ്ച് രജിസ്റ്റേഡ് നഴ്സസിന പ്രാതിനിദ്ധ്യം കിട്ടുന്നുണ്ട്. അതിന പുറമെയാണിത്.

ശ്രീ. പി. നാരായണൻ തമ്പി : ആക്ടിലെ നഴ്സ്—മിഡ് വൈവ്സിനും പ്രാതിനിദ്ധ്യം നൽകുന്നതിനുള്ള വ്യവസ്ഥ വേണമെന്ന് എനിക്കഭിപ്രായമുണ്ട്. പിന്നെ പ്രധാനമായി നാം ബ്രിട്ടീഷുകാരുടെ ട്രെയിനിംഗ് സിസ്റ്റത്തിൽത്തന്നെ നിൽക്കുന്നതുകൊണ്ടാണ് നമുക്ക് ആവശ്യമുള്ളിടത്തോളം നഴ്സസും മിഡ്വൈവ്സും പാശ്ചാത്യരാജ്യങ്ങളിൽ ഉള്ളതുപോലെ ഇവിടെ കിട്ടാതെവരുന്നത്. വളരെ കർശനമായ പരിശീലനവും മറ്റും ഏർപ്പെടുത്തിയിട്ടുള്ളതുകൊണ്ടാണ് കൂടുതൽ ആളുകളെ കിട്ടാതെ വരുന്നത്. ഇതുസംബന്ധിച്ച് അഭിപ്രായവ്യത്യാസമുണ്ട്. ഈ പരിശീലനം ലഘൂകരിക്കുന്ന കാര്യത്തിൽ പല പ്രൊഫസറന്മാരും എതിർപ്പ് പ്രകടിപ്പിക്കാറുണ്ട്. ഏതായാലും പ്രായോഗികമായി പരിശീലനം ലഭിച്ചിട്ടുള്ള നഴ്സസും മിഡ്വൈവ്സും ഈ കാര്യത്തിൽ മോശക്കാരല്ലെന്ന തെളിവുകൊണ്ട് നമുക്ക ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. നമ്മുടെ നാട്ടിലെ പ്രത്യേക പരിതഃസ്ഥിതിയെയും വർദ്ധിച്ചുവരുന്ന ജനസംഖ്യയേയും പരിഗണിച്ച് കൂടുതൽ നഴ്സസും മിഡ്വൈവ്സും കിട്ടത്തക്ക സാഹചര്യം നൽകുന്ന പരിശീലനസംപ്രദായം ഏർപ്പെടുത്തേണ്ടതുണ്ട്. ഈ കൗൺസിലാണ്. അതുകൊണ്ട് അതിൽ ഇവർക്ക് കൂടുതൽ പ്രാതിനിദ്ധ്യം കൊടുത്താൽ തെറ്റുണ്ടാവുകയില്ലെന്നാണ് എന്റെ അഭിപ്രായം. 21–ാം വകുപ്പിൽ 10 രൂപയെന്നും 5 രൂപയെന്നും പറഞ്ഞിരുന്നതു് ഇന്ന് ഏകീകരിച്ച് 10 രൂപാ ആക്കിയിരിക്കുന്നു. വളരെ പണം ചെലവുചെയ്ത പരിശീലനം കഴിഞ്ഞു വരുന്നവർ പിന്നെയും 10 രൂപാ കൊടുക്കണമെന്നുവച്ചിരിക്കുന്നതു ശരിയല്ല. അതു് 5 രൂപാ ആക്കുകയാണ നല്ലതു്. മൊത്തത്തിൽ പറയുകയാണെങ്കിൽ ശ്രീമതി ഗൗരി ഇവിടെ സൂചിപ്പിച്ചതുപോലെ ഒറിജിനൽ ആക്റ്റിലെ വകുപ്പുകൾ കൂടി പരിശോധിച്ച് ആവശ്യമുള്ള ഭേദഗതികളും വരുത്താനുള്ള അധികാരത്തോടുകൂടി ഈ ബിൽ സെലക്റ്റ് കമ്മിറ്റിക്ക് വിടണമെന്നാണ് എനിക്ക പറയുവാനുള്ളതു്. അതുകൊണ്ട് കാലതാമസമുണ്ടാകയുമരുതു്. ഇന്ന് അവർക്ക് രജിസ്റ്റർചെയ്യാൻ സാധിക്കാത്തതുകൊണ്ട് വളരെ അധികം വൈഷമ്യങ്ങൾ ഉണ്ട്. കഴിയുന്നതും വേഗം നല്ല ഒരു നിയമം ഉണ്ടാകത്തക്കനിലയിൽ ഈ ബിൽ സെലക്റ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഞാൻ അഭിപ്രായപ്പെടുകയാണ്.

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):
10 A. M.] സർ, ഈ ബിൽ പൊതുജനാഭിപ്രായം അറിയുന്നതിനുവേണ്ടി സർക്കുലേറ്റ ചെയ്യണമെന്നുള്ള പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഈ ബിൽ കഴിയുന്നതുംവേഗം പാസ്സാക്കണമെന്ന ഗവണ്മെൻറിനു നിർബന്ധമുണ്ട്. അതിനുള്ള പ്രധാന കാരണമായി ശ്രീമതി കെ. ആർ. ഗൗരി ചൂണ്ടിക്കാണിച്ചതുപോലെ ഇപ്പോൾ പ്രൈവറ്റ ആശുപത്രികളിൽ ജോലിചെയ്യുന്ന ആളുകൾക്ക് രജിസ്റ്റർചെയ്യുന്നതിന ആവശ്യമായ വ്യവസ്ഥകളും ഇന്നില്ല. നിലവിലുള്ള ആക്റ്റപ്രകാരം 1953–ന മുമ്പു തുടർച്ചയായി മൂന്നുകൊല്ലം പ്രൈവറ്റാശുപത്രികളിൽ ജോലിചെയ്തുകൊണ്ടിരുന്ന ആളുകൾക്ക മാത്രമേ രജിസ്റ്റർ ചെയ്യുന്നതിന വ്യവസ്ഥയുള്ളൂ. അതുകൊണ്ട് ആ ഒരു വിഭാഗം അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ഇതുവരെ തുടർച്ചയായി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. പി. ഗോവിന്ദൻ നായർ]

നിവേദനങ്ങളും ഗവണ്മെൻറിനു ലഭിച്ചുകൊണ്ടിരുന്നതിന്റെ ഫലമായി കൂടിയാണു ഇവിടെ ഒരു ഭേദഗതി ബിൽ കൊണ്ടുവരാൻ ഗവണ്മെൻറിനെ പ്രേരിപ്പിച്ചിട്ടുള്ളതു്. ഇതിൽ രണ്ടുവിഭാഗക്കാക്കാണു് കൂടുതലായി കൗൺസിലിൽ പ്രാതിനിദ്ധ്യം കൊടുത്തിട്ടുള്ളതു്. Auxilary Nurse Midwife വിഭാഗക്കാക്കും Health visitorsനും ആണു്. അതുപോലെതന്നെ ശരിയായ പരിശീലനം നൽകാതെ ഈ ആളുകളെ പുറത്തേയ്ക്കു് അയയ്ക്കുന്ന സമ്പ്രദായത്തിനു ഒരു നിയന്ത്രണം ഏർപ്പെടുത്തണം എന്നും ഗവണ്മെൻറിനു ഉദ്ദേശമുണ്ടു്. അതുകൊണ്ടു് ഇതു് താമസംവിനാ പാസ്സാക്കി എടുക്കണം എന്നു ഗവണ്മെൻറിനു് ആഗ്രഹമുണ്ടു്. ആ വിധത്തിലാണു് ഇതു സെലക്ടു കമ്മിറ്റിക്കു റെഫർചെയ്യേണ്ട ആവശ്യമില്ല, ഈ സെഷനിൽതന്നെ ഇതു പാസ്സാക്കണമെന്നുള്ള പ്രമേയം ഞാൻ കൊണ്ടുവന്നതു്.

ഈ ഒറിജിനൽ ബിൽകൂടി പരിശോധിക്കേണ്ടതു ആവശ്യമാണു് എന്നു പറയുന്നതിനു രണ്ടു കാരണങ്ങളാണു് ഇവിടെ ചൂണ്ടിക്കാണിച്ചതു്. ഒന്നു്, 20—ാം വകുപ്പനുസരിച്ചു പ്രൈവറ്റു ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സസ് ആൻഡു് മിഡ്വൈവ്സു് 1953-നു മുമ്പു് മൂന്നുവർഷക്കാലത്തേയ്ക്കു് തുടർച്ചയായി ജോലി ചെയ്താൽ മാത്രമേ രജിസ്റ്റർ ചെയ്യുന്നതിനു വ്യവസ്ഥ ചെയ്തിരുന്നുള്ളു. ഇന്നു് ആ തീയതി ഭേദഗതി വരുത്തിയിട്ടുണ്ടു് എന്നു വരികിലും കൂടുതലായി ആരെങ്കിലും ആ group—ൽ വരുമോ എന്നുള്ളതാണു്. അങ്ങനെയല്ലാതെ മറ്റാരെങ്കിലും ഉണ്ടോ എന്നുള്ള കാര്യം ഇതുവരെ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെ ആരും ഇതുവരെ ആവശ്യപ്പെട്ടിട്ടുമില്ല. അങ്ങനെ ഈ വ്യവസ്ഥ ഇല്ലാത്തതുകൊണ്ടു ബുദ്ധിമുട്ടനുഭവിക്കുന്നുണ്ടു് എന്നുള്ളതിനെസംബന്ധിച്ചു യാതൊന്നുംതന്നെ ഗവണ്മെൻറിനു ലഭിച്ചിട്ടില്ല. രണ്ടാമതു് അവരുടെ വേതനം വളരെ അപര്യാപ്തമാണു് എന്നുള്ളതാണു്. മുപ്പതോ മുപ്പത്തിഅഞ്ചോ രൂപാ മാത്രമാണു് അവരുടെ ശമ്പളം അങ്ങനെ അവരുടെ പേ വ്യത്യാസപ്പെടുത്തി നിശ്ചയിക്കണമെങ്കിൽ അതിനു ഒറിജിനൽ ബില്ലിൽ ഭേദഗതി ചെയ്യണം എന്നാണു് ഉന്നയിച്ച വാദഗതി. ഇതു രജിസ്ട്രേഷനെ സംബന്ധിച്ചു മാത്രമുള്ള ബില്ലാണു്. ആ നിലയിൽ മിനിമം സ്കെയിലിനെ സംബന്ധിച്ചു ഒന്നും ചെയ്യാൻ സാധിക്കുകയില്ല. അതിനു മറ്റു മാർഗ്ഗങ്ങൾ ആരായാം എന്നുള്ളതല്ലാതെ ഇതുമായി കൂട്ടിക്കുഴയ്ക്കേണ്ട ആവശ്യമില്ല. ഈ അസംബ്ലിയിലുള്ള മൂന്നു പാർട്ടികളിലെ അംഗങ്ങൾ ഈ ബിൽ സെലക്ടുകമ്മിറ്റിക്കയയ്ക്കണം എന്ന നിർദ്ദേശം കൊണ്ടുവരികയും, പ്രതിപക്ഷത്തുള്ള എല്ലാവരും അതിനോടു യോജിക്കുകയും ചെയ്തതുകൊണ്ടു ആ പ്രതിപക്ഷത്തിന്റെ അഭിപ്രായത്തെ ആദരിക്കുവാൻ ഗവണ്മെൻറു തയാറാണു്. എന്നാൽ ഈ നിയമസഭാസമ്മേളനകാലത്തുതന്നെ ഇതിന്റെ വകുപ്പുകൾ പരിശോധിച്ചു ഒരു സെലക്ടുകമ്മിറ്റി റിപ്പോർട്ടു ഇവിടെ അവതരിപ്പിക്കേണ്ടതും, ഈ നിയമസഭാസമ്മേളനകാലത്തുതന്നെ ഇതു പാസ്സാക്കണമെന്നുള്ളതിനെ അനുകൂലിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. അതനുസരിച്ചു താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സെലക്ടുകമ്മിറ്റിക്കു ഈ ബിൽ അയയ്ക്കുന്നു. ഈ ബിൽ പൊതുജനാഭിപ്രായം അറിയുന്നതിനു സർക്കുലേറ്റു ചെയ്യണം എന്ന പ്രമേയത്തെ ഞാൻ എതിർക്കുകയാണു്.

ശ്രീ. എം. വി. വാസു: സർക്കുലേഷനുള്ള പ്രമേയത്തെസംബന്ധിച്ചു പ്രതിപക്ഷാംഗങ്ങളും, ഇതു സെലക്ടു കമ്മിറ്റിക്കു പോയാൽമതി എന്നു പറയുന്നതുകൊണ്ടു് ഇതു സെലക്ടുകമ്മിറ്റിക്കു പോയാൽ മതി.

ശ്രീ. ഈ. പി. ഗോപാലൻ: സർ, എനിക്കു ഒരു ഭേദഗതിയുണ്ടു്. ഈ കമ്മിറ്റിയിൽ ഈ ഭേദഗതിനിന്നും ശ്രീമതി കെ. ആർ. ഗൗരിയേയും, ശ്രീ. പി. സി. രാഘവൻനായരേയുംകൂടി ഉൾപ്പെടുത്തേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. അതു സ്വീകരിക്കാൻ ഞങ്ങളും തയാറാണു്. കഴിഞ്ഞ വ്യാഴാഴ്ചയും വെള്ളിയാഴ്ചയും ഞങ്ങളുടെ സമ്മതപ്രകാരമല്ലാതെ ഏതാനും മെമ്പർമാരുടെ പേരുകൾ അന്നു കാൺസ്റ്റിറ്റ്യൂട്ടുചെയ്ത സെലക്ടുകമ്മിറ്റികളിൽ ചേർത്തതിനെ പ്രതിഷേധിച്ചുകൊണ്ടു ആ തരം കമ്മിറ്റികളിൽ ഞങ്ങളും പങ്കെടുക്കുകയില്ല. എന്നാൽ ഇതുപോലെയുള്ള ഒരു ബില്ലിന്റെ കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

സെലക്ററുകമ്മിറ്റിയിൽ ഞങ്ങൾക്കുംകൂടി പങ്കെടുക്കണം ചർച്ചചെയ്യണം എന്നുള്ളതുകൊണ്ട് സെലക്ററുകമ്മിറ്റിയിൽ ഹാജരാകും. അതുകൊണ്ട് ശ്രീമതി ഗൗരിയുടെയും ശ്രീ. രാഘവൻനായരുടെയും പേരുകൂടി ഇതിൽ ഉൾപ്പെടുത്തണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഞാൻ ആ പേരുകൂടി സ്വീകരിക്കുന്നു. ശ്രീ. എം. വി. വാസു, എൻ. ഈ. ബലറാം എന്നിവർക്കു പകരം അവരെ രണ്ടുപേരെയുംകൂടി ഇതിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നു.

Mr. Speaker : Mr. Vasu, do you press your amendment ?

Shri M. V. Vasu : No. I am not pressing.

The amendment moved by Shri M. V. Vasu was, by leave, withdrawn.

Mr. Speaker : The amendment moved by Shri T. A. Thomman is accepted by the Minister.

The question is that the Nurses and Midwives (Amendment) Bill, 1963 be referred to a Select Committee consisting of the followng members :

1. Shri C. M. Kutty
2. ,, P. K. Narayanan Nambiar
3. ,, P. Madhavan
4. ,, A. L. Jacob
5. ,, Vayala Idicula
6. ,, R. Raghava Menon
7. ,, P. C. Raghavan Nair
8. Smt. K. R. Gouri
9. Shri T. A. Dharmaraja Iyer, and the mover—(Shri M. P. Govindan Nair)

The mover will be the Chairman and the Select Committee report will be ready within one month.

The motion was put and carried and the Bill was referred to the Select Committee.

The Kerala Medical Practitioners Bill, 1963.—(*Contd.*).

Mr. Speaker: We will continue discussion on the Kerala Medical Practitioners Bill, 1963.

ശ്രീ. കെ. കെ. വിശ്വനാഥൻ : ഈ ബിൽ ഒരു സെലക്ററുകമ്മിറ്റിക്കു് അയയ്ക്കണമെന്ന അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. ഈ ബില്ലിലെ വ്യവസ്ഥകളും വളരെ കൂലങ്കഷമായി പരിശോധിക്കേണ്ടതാണു്. സെലക്ററു കമ്മിറ്റി ഈ ബിൽ ചർച്ചചെയ്യുന്ന അവസരത്തിൽ അതിൽ താല്പര്യമുള്ള ഡാക്ടറന്മാരേയും മറ്റുള്ളവരേയും വിളിച്ചു അവരുടെ അഭിപ്രായങ്ങൾകൂടി ആരായേണ്ടതാണെന്നു് എനിക്കു അഭിപ്രായമുണ്ടു്. ഇതിനുമുമ്പു ഇതുപോലെ ഒരു ബിൽ നിയമസഭയിൽവന്ന അവസരത്തിൽ ഈ രാജ്യത്തു ഡാക്ടറന്മാരുടെ ഇടയിൽ അതുസംബന്ധിച്ചു ചില അഭിപ്രായവ്യത്യാസങ്ങളെല്ലാമുണ്ടായിട്ടുണ്ടു്. പ്രത്യേകിച്ചും അലോപ്പതി ഡാക്ടറന്മാരുടെ ഇടയിൽ ഈ ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ചു ആക്ഷേപങ്ങളുണ്ടായിട്ടുണ്ടു്. ഇവിടെ ഇൻഗ്രേറ്റഡു് മെഡിസിൻ പാസ്സാകുന്ന ഡാക്ടറന്മാർ ശുദ്ധഅലോപ്പതി ഡാക്ടറന്മാർ അല്ലാ എന്നു് സാധാരണ അലോപ്പതി ഡാക്ടറന്മാർ പറയാറുണ്ടു്. അല്പംമാത്രം പഠിത്തമുള്ള ഒരു വിഭാഗം എന്ന നിലയിൽ അവർ മോഡേൺ മെഡിക്കൽ കൗൺസിലിൽ അംഗങ്ങളാകാമോ എന്നകാര്യത്തിൽ അവരുടെ ഇടയിൽ ചില അഭിപ്രായവ്യത്യാസങ്ങളുണ്ടു്. മോഡേൺ മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly